**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3472** **14-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ഗവൺമെന്റ് പോളിടെക്നിക്കിലെ പാർട്ട് ടൈം ഡിപ്ലോമ കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ പാർട്ട് ടൈം ഡിപ്ലോമ കോഴ്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (എ) | **പോളിടെക്നിക്കുകളിൽ റഗുലർ കോഴ്സുകളെ അടിസ്ഥാനമാക്കി എ.ഐ.സി.ടി.ഇ നിഷ്കർഷിക്കുന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം അനുസരിച്ചുള്ള അദ്ധ്യാപകരും , അടിസ്ഥാന സൗകര്യങ്ങളുമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത അദ്ധ്യാപകർ അടിസ്ഥാന സൗകര്യം എന്നിവ പ്രയോജനപ്പെടുത്തിക്കൊണ്ട്, സ്വാശ്രയ രീതിയിലാണ് വൈകുന്നേരം (റഗുലർ കോഴ്സുകൾ പ്രവർത്തിക്കാതെയുള്ള പ്രത്യേകം സമയക്രമത്തിലാണ്) പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകൾ നടത്തിയിരുന്നത്. എന്നാൽ എ.ഐ.സി.ടി.ഇ യുടെ പുതുക്കിയ മാനദണ്ഡപ്രകാരം പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകളേയും വൈകുന്നേരമുള്ള റഗുലർ കോഴ്സുകളായാണ് കണക്കാക്കുന്നത്. അതായത് കൊണ്ട് തന്നെ റഗുലർ കോഴ്സുകൾക്കുള്ളതുപോലെ പ്രത്യേകം അദ്ധ്യാപകർ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ആവശ്യമായി വരുന്നു. അങ്ങനെ വരുമ്പോൾ കണ്ണൂർ ഗവ.പോളിടെക്നിക്ക് കോളേജ് പോലെയുള്ള സ്ഥാപനങ്ങളിൽ തുടരംഗീകാരത്തിനായി അപേക്ഷിക്കുമ്പോൾ അപര്യാപ്തത റിപ്പോർട്ട് ചെയ്യപ്പെടുകയും , ആയത് സ്ഥാപനത്തിൻറെ തന്നെ നിലനിൽപ്പിനെ ബാധിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകൾ നിർത്തലാക്കേണ്ടി വരുന്നത്. എ.ഐ.സി.ടി.ഇ യുടെ പ്രസ്തുത മാനദണ്ഡത്തിൽ മാറ്റമുണ്ടായാൽ മാത്രമേ പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുവാനും , നിവലിലുള്ള കോഴ്സുകൾ നടത്തിക്കൊണ്ട് പോകാനും കഴിയുകയുള്ളൂ** |
| (ബി) | പ്രസ്തുത കോളേജിൽ നിലവിലുണ്ടായിരുന്ന പാർട്ട് ടൈം ഡിപ്ലോമ കോഴ്സ് നിർത്തലാക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ? | (ബി) | **പോളിടെക്നിക്കുകളിൽ റഗുലർ കോഴ്സുകളെ അടിസ്ഥാനമാക്കി എ.ഐ.സി.ടി.ഇ നിഷ്കർഷിക്കുന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം** |

| | | | |
|---|---|---|---|
| | | | അനുസരിച്ചുള്ള അദ്ധ്യാപകരും , അടിസ്ഥാന സൗകര്യങ്ങളുമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത അദ്ധ്യാപകർ അടിസ്ഥാന സൗകര്യം എന്നിവ പ്രയോജനപ്പെടുത്തിക്കൊണ്ട്, സ്വാശ്രയ രീതിയിലാണ് വൈകുന്നേരം (റഗുലർ കോഴ്സുകൾ പ്രവർത്തിക്കാതെയുള്ള പ്രത്യേകം സമയക്രമത്തിലാണ്) പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകൾ നടത്തിയിരുന്നത്. എന്നാൽ എ.ഐ.സി.ടി.ഇ യുടെ പുതുക്കിയ മാനദണ്ഡപ്രകാരം പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകളേയും വൈകുന്നേരമുള്ള റഗുലർ കോഴ്സുകളായാണ് കണക്കാക്കുന്നത്. അതായത് കൊണ്ട് തന്നെ റഗുലർ കോഴ്സുകൾക്കുള്ളതുപോലെ പ്രത്യേകം അദ്ധ്യാപകർ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ആവശ്യമായി വരുന്നു. അങ്ങനെ വരുമ്പോൾ കണ്ണൂർ ഗവ.പോളിടെക്നിക്ക് കോളേജ് പോലെയുള്ള സ്ഥാപനങ്ങളിൽ തുടരംഗീകാരത്തിനായി അപേക്ഷിക്കുമ്പോൾ അപര്യാപ്തത റിപ്പോർട്ട് ചെയ്യപ്പെടുകയും , ആയത് സ്ഥാപനത്തിൻറെ തന്നെ നിലനിൽപ്പിനെ ബാധിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകൾ നിർത്തലാക്കേണ്ടി വരുന്നത്. എ.ഐ.സി.ടി.ഇ യുടെ പ്രസ്തുത മാനദണ്ഡത്തിൽ മാറ്റമുണ്ടായാൽ മാത്രമേ പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുവാനും , നിവലിലുള്ള കോഴ്സുകൾ നടത്തിക്കൊണ്ട് പോകാനും കഴിയുകയുള്ളൂ |

സെക്ഷൻ ഓഫീസർ